# GOVERNMENT OF KERALA

## Abstract

Home Department-Judiciary-Creation of 2 posts of Special Public Prosecutors in 2 Special Courts sanctioned at Thiruvananthapuram and Thrissur for the trial of offences under the SC/ST (PoA) Act- Sanction accorded- Orders issued.

## HOME (C) DEPARTMENT

G.O.(Ms)No.30/2023/HOME Dated,Thiruvananthapuram, 27-01-2023

Read: 1 G.O(Ms) 95/2022/Home Dated 09/05/2022

2 Letter No.D7(B)-70947/1999/DII-3 Dated 30.11.2022 from the Registrar (District Judiciary), High Court of Kerala, Ernakulam.

## ORDER

As per Government Order read above, Government have accorded sanction for the establishment of 2 Special Courts at Thiruvananthapuram and Thrissur for the trial of offences under the SC/ST (PoA) Act, creating 12 posts each. The Registrar, High Court of Kerala vide letter read above had recommended to take necessary steps for the appointment of Special Public Prosecutors in the aforesaid Courts.

2) Government have examined the matter in detail and are pleased to accord sanction for the creation of 2 posts of Special Public Prosecutor in 2 Special Courts sanctioned at Thiruvananthapuram and Thrissur for the trial of offences under the SC/ST (PoA) Act in accordance with the Scheduled Caste and Scheduled Tribe (Prevention of Atrocities Act), 1989 Chapter IV, Rule 15(1).

(By order of the Governor)
K R JYOTHILAL
ADDITIONAL CHIEF SECRETARY

To:
The Registrar (District Judiciary), High Court, Ernakulam (with C/L)

The Advocate General, Ernakulam
The Director General of Prosecution, Kerala, Ernakulam
The State Police Chief, Kerala, Thiruvananthapuram.
Finance Department (vide E.No.2243659/EXP-D2/17/22-FIN dated 11/11/2022)
Law Department
General Administration (SC) Department (Vide Item No.1335 dated 25.01.2023)
Web & New Media, I&PRD (for uploading in the Government website)
Stock file/Office copy

Forwarded /By order

Signed by
Usha P Y
Date: 28-01-2023 15:03:01
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-01-2023

ഫയൽ നം. സി5/256/2022/ആഭ്യന്തരം. ഇനം നം: 1335

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരത്തും, തൃശ്ശൂരിലുമായി അനുവദിച്ച 2 പ്രത്യേക കോടതികളിൽ എസ്.പി.പി.-യുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

SO (C) PI issue G.O

27/1/23

Office of the Addl. Chief Secretary, Home & Vigilance Dept.

1335

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി5/256/2022/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി-പട്ടികജാതി പട്ടികവർഗ അതിക്രമങ്ങൾ തടയൽ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരത്തും തൃശ്ശൂരിലുമായി അനുവദിച്ച 2 പ്രത്യേക കോടതികളിൽ എസ്.പി.പിയുടെ തസ്തിക സൃഷ്ടിയ്ക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09/01/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ബീന പി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ കെ.ആർ ജ്യോതിലാൽ (ലിങ്ക് ഓഫീസർ, ആഭ്യന്തര വകുപ്പ്) |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/01/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/01/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 23/01/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24/01/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പട്ടികജാതി പട്ടികവർഗ അതിക്രമങ്ങൾ തടയൽ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിചാരണയ്ക്ക് തിരുവനന്തപുരത്തും തൃശ്ശൂരിലുമായി അനുവദിച്ച 2 പ്രത്യേക കോടതികളിൽ ഓരോ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പ് കൈകാര്യം ചെയ്യുന്നത്.

2) G.O.(Ms)95/2022/Home തീയതി 09/05/2022 പ്രകാരം, SC/ST (PoA) നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി 12 തസ്തികകൾ വീതം സൃഷ്ടിച്ച് കൊണ്ട് തിരുവനന്തപുരത്തും തൃശ്ശൂരിലും 2 പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

3) മേൽ പറഞ്ഞ സർക്കാർ ഉത്തരവിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക അനുവദിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ നിയമം), 1989 അധ്യായം IV, ചട്ടം 15(1) പ്രകാരം ഓരോ പ്രത്യേക കോടതിക്കും, സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഒരു പബ്ലിക് പ്രോസിക്യൂട്ടറെയോ, അല്ലെങ്കിൽ ഏഴ് വർഷത്തിൽ കുറയാത്ത അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്ന ഒരു അഭിഭാഷകനെയോ ആ കോടതിയിൽ കേസുകൾ നടത്തുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കണം എന്നാണ് വ്യവസ്ഥ

4) 16.09.2022-ന് ചീഫ് സെക്രട്ടറി, ആഭ്യന്തരം, ധനകാര്യം, റവന്യൂ, എൽഎസ്ജിഡി, നികുതി, ജിഎഡി, പിഡബ്ല്യുഡി സെക്രട്ടറിമാരുമായി രജിസ്ട്രാർ ജനറൽ നടത്തിയ യോഗത്തിൽ, G.O.(Ms)95/2022/Home തീയതി 09/05/2022 പ്രകാരം അനുവദിച്ച തിരുവനന്തപുരത്തും തൃശ്ശൂരിലുമുള്ള 2 പ്രത്യേക കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

*"Administrative Department is requested to explore the possibility of entrusting Public Prosecutors of any other Courts with the additional charge of the two Special SC/ST courts at Thiruvananthapuram and Thrissur."*

5) ധനകാര്യ വകുപ്പിന്റെ പരാമർശങ്ങളിൽ റിപ്പോർട്ട് നൽകാൻ ഹൈക്കോടതി രജിസ്ട്രാർ, , ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. തിരുവനന്തപുരത്തും തൃശ്ശൂരും അനുവദിച്ച പ്രത്യേക എസ്‌സി/എസ്.ടി കോടതികളുടെ അധിക ചുമതല മറ്റേതെങ്കിലും കോടതിയിലെ പബ്ലിക് പ്രോസിക്യൂട്ടർമാരെ ഏൽപ്പിക്കുന്നത് ഒട്ടും പ്രായോഗികമല്ലെന്ന് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തു. മറ്റ് ഏതെങ്കിലും കോടതികളിലെ പബ്ലിക് പ്രോസിക്യൂട്ടർമാരെ പ്രത്യേക എസ്‌സി/എസ്ടി കോടതികളുടെ അധിക ചുമതല ഏൽപ്പിക്കുന്നത് അവർ ബന്ധപ്പെട്ടിരിക്കുന്ന കോടതികളുടെ സുഗമമായ പ്രവർത്തനത്തെ മോശമായി ബാധിക്കുമെന്നും, പ്രത്യേക SC/ST കോടതികളിൽ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും റിപ്പോർട്ട് ചെയ്തു.

6) ഫയൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി നിയമ വകുപ്പിന് അയയ്ക്കുകയും, ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു;

*" 1989 -ലെ Schedule Caste/Schedule Tribes (Prevention of Atrocities) Act -ലെ 15 -ാം വകുപ്പിലെ നിർദ്ദിഷ്ട വ്യവസ്ഥകൾ പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സഹായകരമാകുംവിധം സ്ഥാപിച്ചിട്ടുള്ള പ്രത്യേകകോടതികൾ (Special Court) ഇതിലേയ്ക്ക് മാത്രമായി സ്ഥാപിച്ചിട്ടുള്ള പ്രത്യേക കോടതികൾ (Exclusive Special Court) എന്നിവയിൽ നിയമിയ്ക്കപ്പെടുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം ഉദ്ദേശിച്ചുള്ളതാണ്. 1989 -ലെ പ്രസ്തുത ആക്ടിൽ 2015 -ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരമാണ് Special Public Prosecutor -മാർക്കൊപ്പം Exclusive Special Public prosecutor മാരെ നിയമിയ്ക്കുന്നതിനുള്ള വ്യവസ്ഥ കൂട്ടിച്ചേർത്തിട്ടുള്ളത്. പ്രസ്തുത നിയമത്തിലെ Special Courts, Exclusive Special Courts, Special Public Prosecutor,Exclusive Special Public Prosecutor എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിശോധിയ്ക്കുമ്പോൾ അത്തരം കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിയ്ക്കുന്നതിന് ബന്ധപ്പെട്ട സർക്കാരുകൾ നിയമപരമായി ബാദ്ധ്യസ്ഥരാണ് എന്നുംപട്ടികജാതി /പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാത്രമായാണ് ഇത്തരത്തിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രത്യേകമായി നിയമിയ്ക്കപ്പെടുന്നത് എന്നും ഒരു പ്രത്യേക നിയമത്തിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നിയമിയ്ക്കപ്പെടുന്നവരാണ് ഇത്തരം പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നതിനാൽ തന്നെ മറ്റ് കേസുകൾ കൈകാര്യം ചെയ്യുന്ന പ്രോസിക്യൂട്ടർമാർക്ക് 1989 -ലെ Schedule Caste/Schedule Tribes (Prevention of Atrocities) Act പ്രകാരമുള്ള കേസുകളുടെ പ്രോസിക്യൂഷൻ ചുമതല കൂടി ഏൽപ്പിയ്ക്കുന്നത് നീതിയുടെ താത്പര്യത്തിന് വിരുദ്ധമാകുമെന്ന് ഭരണവകുപ്പിനെ*

*അറിയിക്കാവുന്നതാണ്."*

7) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

SC/ST (PoA) നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി തിരുവനന്തപുരത്തും തൃശ്ശൂരിലുമായി അനുവദിച്ച 2 പ്രത്യേക കോടതികളിൽ ഓരോ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് നിയമവകുപ്പ് ലഭ്യമാക്കിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകാമോ?